"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- ജീവനക്കാര്യം- കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II ആയ ശ്രീമതി. ഷബ്ന സിത്താര. എൻ -ന് ശൂന്യവേതനാവധി അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.387/2025/LSGD തീയതി,തിരുവനന്തപുരം, 07-02-2025

---

പരാമർശം:-

1. ശ്രീമതി. ഷബ്ന സിത്താര. എൻ സമർപ്പിച്ച 02/12/2024-ലെ അവധി അപേക്ഷ.
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 05/02/2025-ലെ LSGD/PD/2998/2025 -DEC4 നമ്പർ കത്ത്.

**ഉത്തരവ്**

കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II തസ്തികയിൽ 30/06/2022-ന് സർവീസിൽ പ്രവേശിച്ച ശ്രീമതി. ഷബ്ന സിത്താര. എൻ ഡൽഹിയിലുള്ള വാജിറാവു ആന്റ് റെഡ്ഡി എന്ന സിവിൽ സർവീസ് കോച്ചിംഗ് അക്കാഡമിയിൽ പഠിക്കുന്നതിനായി 10/12/2024 മുതൽ 09/12/2025 വരെ ഒരു വർഷത്തേക്ക് ശൂന്യവേതനാവധി അനുവദിക്കുന്നതിന് വേണ്ടി പരാമർശം (1) പ്രകാരം സമർപ്പിച്ച ശൂന്യവേതന അവധി അപേക്ഷ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ ചെയ്ത് പരാമർശം (2) പ്രകാരം സർക്കാരിൽ സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയിരിക്കുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിൽ വില്ലേജ് എക്സ്റ്റൻസൻ ഓഫീസർ ഗ്രേഡ് II തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി. ഷബ്ന സിത്താര-യ്ക്ക് ഡൽഹിയിലുള്ള വാജിറാവു ആന്റ് റെഡ്ഡി എന്ന സിവിൽ സർവീസ് കോച്ചിംഗ് അക്കാഡമിയിൽ പഠിക്കുന്നതിനായി ടിയാൾ അവധിയിൽ പ്രവേശിക്കുന്ന തീയതി മുതൽ 09/12/2025 വരെ, ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥകൾക്ക് വിധേയമായും അപേക്ഷക സമർപ്പിച്ചിരിക്കുന്ന സർട്ടിഫിക്കറ്റിന്റെ ആധികാരികത പ്രിൻസിപ്പൽ ഡയറക്ടർ പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ് എന്ന വ്യവസ്ഥയ്ക്കും വിധേയമായി കെ.എസ്.ആർ. ഭാഗം 1 ചട്ടം 91 പ്രകാരം പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

BALUMAHENDRA B

ഡെപ്യൂട്ടി സെക്രട്ടറി

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

2) ശ്രീമതി. ഷബ്ന സിത്താര. എൻ, വില്ലേജ് എക്സ്റ്റൻസൻ ഓഫീസർ ഗ്രേഡ് II, മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത്, കാസർഗോഡ് (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന)

3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്) കേരള, തിരുവനന്തപുരം

4) വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

5) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by Dipukumar S L
Date: 07-02-2025 14:16:44

സെക്ഷൻ ഓഫീസർ